(ബി) 1996-97-ൽ 3 മെഗാവാട്ട്

1997-98-ൽ 267.28 മെഗാവാട്ട്

1998-99-ൽ 152.32 മെഗാവാട്ട്

1999-2000-ൽ 453.50 മെഗാവാട്ട്

(സി) വർദ്ധിച്ച സ്ഥാപിതശേഷി കൈവരിക്കുന്നതിനായി വിവിധ വൈദ്യുതി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നിരുന്നു.

(ഡി) നിലവിലുള്ള ജലതാപപദ്ധതികളിൽ നിന്നും 9023 ദശലക്ഷം യൂണിറ്റും ഇറക്കുമതി ദിവസേന ശരാശരി 10 ദശലക്ഷം യൂണിറ്റും ഉൾപ്പെടെ 12.669 ദശലക്ഷം യൂണിറ്റിന്റെ ലഭ്യതയാണ് ഇപ്പോഴുള്ളത്. 2000-ാമാണ്ടിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്ന കുറ്റ്യാടി എക്സ്റ്റൻഷൻ (50 മെഗാവാട്ട്) സി.എസ്.ഇ.എസിന്റെ രണ്ടും മൂന്നും യൂണിറ്റുകളിൽ നിന്നുമുള്ള (81 മെഗാവാട്ട്) വൈദ്യുതി ലഭ്യതയും കണക്കാക്കിയാൽ 16-ാം പവർ സർവ്വേ ഡ്രാഫ്റ്റ്പ്രകാരം ആവശ്യമായ 12.518 ദശലക്ഷം യൂണിറ്റ് വൈദ്യുതി എന്ന ലക്ഷ്യം കൈവരിക്കുകയും ഇതനുസരിച്ച് രണ്ടായിരമാണ്ട് സാമ്പത്തിക വർഷാവസാനത്തോടെ 712 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധിക ലഭ്യതയായി കണക്കാക്കിയിരിക്കുന്നു.

(ഇ) ബോർഡിന്റെ 1/2000 ത്തിലെ ക്യാഷ് ഫ്ളോ അനുസരിച്ച് വൈദ്യുതി പ്രസരണത്തിനായി ഉദ്ദേശം 75.32 കോടി രൂപയും, വിതരണത്തിനായി 138.83 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

താപ നിലയങ്ങൾ

81 (1748) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ താപനിലയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതിക്കുള്ള ഉൽപ്പാദനചെലവ് ജലവൈദ്യുത പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ ഉൽപ്പാദന ചെലവിനേക്കാൾ കൂടുതലായതിനെക്കാൾ ഹൈഡൽ പ്രോജക്ടുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമോ ?

ഉത്തരം

(എ) വൈദ്യുതി നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള നടപടികളെ ഇക്കാര്യത്തിൽ എടുക്കുവാൻ ഉദ്ദേശിക്കുന്നുള്ളു.

(ബി) ഇക്കാര്യത്തിൽ ഇപ്പോൾത്തന്നെ മുൻഗണന നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly